കാസർഗോഡ് ജില്ലയിൽ എക്സൈസ് വകുപ്പിൽ വനിതാ എക്സൈസ് ഗാർഡ് (കാറ്റഗറി നമ്പർ 240/2010) പോലീസ് വകുപ്പിൽ വനിതാ പോലീസ് കോൺസ്റ്റബിൾ (APB IV Battalion) (കാറ്റഗറി നമ്പർ 171/2010) എന്നീ തസ്തികകളുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുകയും എന്നാൽ 22.10.2013 മുതൽ 01.11.2013 വരെയുള്ള തീയ്യതികളിൽ കാസർഗോഡ് ജില്ലയിലെ ര ണ്ട് ഗ്രൗണ്ടുകളിലായി നടന്ന കായിക്ഷമതാ പരീക്ഷയിൽ പ ങ്കെടുക്കാൻ കഴിയാത്തവരുമായ ഉദ്യോഗാർത്ഥികൾക്ക് വീ ണ്ടും ഒരവസരം നൽകുന്നതിനായി 20.11.2013 ന് രാവിലെ 6 മണിക്ക് തിരുവനന്തപുരത്തുള്ള പേരൂർക്കട എസ്.എ.പി. ഗ്രൗണ്ടിൽ വച്ച് കായികക്ഷമതാ പരീക്ഷ നടത്തുന്നതാണ്. ഉദ്യോഗാർത്ഥികൾ പേരും തീയ്യതിയും രേഖപ്പെടുത്തിയ 6 മാസത്തിനകം എടുത്ത ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും ആവശ്യമായ സർട്ടിഫിക്കറ്റുകളും (പകർപ്പ് ഉൾപ്പടെ) കാസർഗോഡ് ജില്ലാ ഓഫീസിൽ നിന്നും കായിക ക്ഷമതാ പരീക്ഷയ്ക്ക് പങ്കെടുക്കുന്നതിനായി നൽകിയിട്ടുള്ള ഒറിജിനൽ അഡ്മിഷൻ ടിക്കറ്റും സഹിതം മേൽ സ്ഥലത്ത് കൃത്യസമയത്ത് ഹാജരാകണമെന്ന് അറിയിക്കുന്നു. ഇതു സംബന്ധിച്ച് വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല. ഹാജരാകാത്തവർക്ക് പിന്നീട് അവസരം ലഭിക്കുന്നതല്ല.എന്നും അറിയിക്കുന്നു. ഒരിക്കൽ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുത്തവർക്ക് യാതൊരു കാരണവശാലും വീണ്ടും ഒരവസരം നൽകുന്നതല്ല.